# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ബിവറേജസ് കോർപറേഷനിലെ കമ്പ്യൂട്ടർ പ്രോഗ്രാം കം ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5850 — 02.07.2019-ൽ മറുപടിയ്ക്ക്

**ചോദ്യം**

ശ്രീ.അൻവർ സാദത്ത്

**ഉത്തരം**

ശ്രീ.ടി.പി.രാമകൃഷ്ണൻ
തൊഴിലും എക്സൈസും വകുപ്പുമന്ത്രി

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപറേഷനിലെ കമ്പ്യൂട്ടർ പ്രോഗ്രാം കം ഓപ്പറേറ്റർ തസ്തികയിലേക്ക് പി.എസ്.സി. 2013 ൽ പരീക്ഷയും 2019 ൽ ഇന്റർവ്യൂവും നടത്തിയശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനൊരുങ്ങുന്ന സമയത്ത് യോഗ്യതയിൽ ഭേദഗതി വരുത്തിയത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും പബ്ലിക് സർവ്വീസ് കമ്മീഷന്റെ 21.08.2013 തീയതിയിലെ AIII (I) 1298/95/CW(2) നമ്പർ കത്ത് പ്രകാരം കംപ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ യോഗ്യത നിലവിലുള്ള കെ.എസ്.ബി.സി സർവ്വീസ് റൂൾ പ്രകാരമുള്ള 3 വർഷത്തെ പരിചയ യോഗ്യതയ്ക്ക് പകരം വ്യക്തമായ കംപ്യൂട്ടർ യോഗ്യതകളായ DCA, PGDCA ഇവയിൽ അനുയോജ്യമായ യോഗ്യത നിഷ്കർഷിച്ചുകൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. നിലവിലുള്ള യോഗ്യത ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കെ.എസ്.ബി.സി കംപ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ പി.എസ്.സി ഇപ്പോൾ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്നും നിയമന ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിൽ നിയമന ഉത്തരവ് നൽകുന്നതാണ്. നിലവിൽ ടി തസ്തികയിൽ 42 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കോർപറേഷനിൽ ഇപ്പോൾ ജോലിചെയ്യുന്ന പി.ജി.ഡി.സി.എ. യോഗ്യതയുള്ള ചില ഉദ്യോഗസ്ഥർ ഉദ്യോഗക്കയറ്റത്തിനായി നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണോ ഈ യോഗ്യതയിലെ ഭേദഗതി എന്ന് വിശദമാക്കാമോ; | |
| (സി) ഈ റാങ്ക് ലിസ്റ്റിൽ ഇടം നേടുവാൻ സാധ്യതയുള്ള ഭൂരിഭാഗം വ്യക്തികൾക്ക് ഇനി ഒരു പി.എസ്.സി.പരീക്ഷ എഴുതാനുള്ള സാഹചര്യം ഇല്ലാത്ത സാഹചര്യത്തിൽ ഇവരുടെ ആശങ്കകൾ ദൂരീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ ? | |

Sudhash

സെക്ഷൻ ഓഫീസർ